9067

നം. എം. 4/40217/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി: 20.09.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com.

# സർക്കുലർ

വിഷയം : പൊ.വി.വ. - പോക്സോ നിയമം - ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ വികസിപ്പിച്ചെടുത്ത ഓൺലൈൻ പരാതിപെട്ടി - സംബന്ധിച്ച് -

സൂചന : 1. കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന്റെ (എം.എച്ച്.ആർ.ഡി) സെക്രട്ടറിയുടെ 19.04.2017 ലെ F.14-2/2017-EE.8 നമ്പർ കത്ത്.

2. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 20.07.2017 ലെ സർക്കുലർ.

******************************

കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് വേണ്ടിയും കുട്ടികൾക്ക് പരാതി സമർപ്പിക്കുന്നതിന് വേണ്ടിയും എല്ലാ വിദ്യാലയങ്ങളിലും 'പോക്സോ' ഓൺലൈൻ പരാതിപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 30 - ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ് എന്ന് സൂചന (2) സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, ബാല പീഡനങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും, അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (എൻ.സി.പി.സി.ആർ) നടപ്പിലാക്കുന്ന ഓൺലൈൻ പദ്ധതിയാണ് പോക്സോ - ഇ- ബോക്സ് http://ncpcr.gov.in/index2.php എന്ന വെബ്സൈറ്റിൽ പോക്സോ - ഇ- ബോക്സ് എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ ഇതിനെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാവുകയും തുടർന്ന് കുട്ടിക്ക് നേരിട്ട് തന്നെ, തന്നിരിക്കുന്ന അനിമേഷൻ ചിത്രങ്ങളുടെ സഹായത്താൽ പരാതി രജിസ്റ്റർ ചെയ്യാൻ സാധിക്കും.

ഓൺലൈൻ രജിസ്ട്രേഷന് പുറമേ പരാതികൾ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (എൻ.സി.പി.സി.ആർ.) 5th Floor, Chandralok building, 36, Janapath, New Delhi – 110 001 എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ് ... നമ്പർ B3/9067/2017 Dt 3.10.17
... പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും
അറിവിലേക്കും ആവശ്യമായ നടപടികൾക്കുമായി നൽകുന്നു.
for ജി.വി.ഒ.